# മംഗലവാർത്താക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

ലൂക്കാ 1,5-25

30/11/2014

"അൾത്താരയ്ക്ക്മുമ്പിൽ കൂപ്പിയ കരങ്ങളുമായ് എത്തിയവരുടെ
കണ്ണുനീരിനുള്ള കർത്താവിന്റെ വ്യാഖ്യാനമാണ് സഖറിയ ഏലീശ്വ ദമ്പതികൾ"

ആരാധന ക്രമവത്സരത്തിൽ പുതിയ കാലഘട്ടം ഇന്ന് ആരംഭിക്കുന്നു - മംഗലവാർത്താക്കാലം. സന്തോഷങ്ങൾ മാത്രം നിറഞ്ഞ വാർത്തകളുടെ കാലഘട്ടമാണിത്. ഒന്നും രണ്ടും ഞായറാഴ്ച്ചകളിൽ സ്നാപകയോഹന്നാന്റെയും ഈശോയുടെയും ജനനത്തെ കുറിച്ചുള്ള അറിയിപ്പും മൂന്നും നാലും ഞായറാഴ്ച്ചകളിൽ സ്നാപകയോഹന്നാന്റെയും ഈശോയുടെയും ജനനവുമാണ് നാം യഥാക്രമം വിചിന്തനവിഷയമാക്കുന്നത്.

കല്ല്യാണത്തിന് ശേഷം
10 കൊല്ലം കാത്തിരുന്നു
കിട്ടിയ കുഞ്ഞിനെ
തങ്ങളുടെ കഴിവിന്റെ
ഫലമെന്നല്ല
ദൈവദാനമെന്നാണ്
ദമ്പതികൾ പറയുന്നത്.
സ്വന്തം കഴിവിലുള്ള
വ്യർത്ഥാഭിമാനം
അവസാനിപ്പിക്കുക.
ദൈവം ഇടപെടുന്ന
സമയത്തിന് വേണ്ടി
കാത്തിരിക്കുക...

സഖറിയായുടെയും എലിസബത്തിന്റെയും കുടുംബത്തിൽ മംഗളവാർത്തയുമായി വിരുന്നു വരുന്ന ദൈവദൂതനെയാണ് സുവിശേഷത്തിൽ ഇന്ന് നാം പരിചയപ്പെടുന്നത്. സഖറിയ പുരോഹിത ഗണത്തിൽപ്പെട്ട വ്യക്തിയായിരുന്നു. ജറുസലേമിലെ പുരോഹിതൻമാരെ 24 ഗണങ്ങളായി തിരിച്ചിരുന്നു. എന്നാൽ, ബാബിലോൺ പ്രവാസത്തിന് ശേഷം നാല് ഗണങ്ങൾ മാത്രമാണ് ജറുസലേമിലേയ്ക്ക് തിരിച്ച് വന്നത് (എസ്രാ 2,36-39; 10,18-22). നെഹമിയായുടെ പുസ്തകത്തിന്റെ വെളിച്ചത്തിൽ തിരിച്ചെത്തിയ നാല് ഗണങ്ങളെ 24 ഗണങ്ങളായി തിരിച്ച് പരമ്പരാകത ഗണങ്ങളുടെ പേര് നൽകുന്നുണ്ട് (നെഹ 12,1-7). എന്നിട്ടും, ഈശോയുടെ ജനനസമയത്ത് ജറുസലേമിൽ ഏകദേശം 18000 പുരോഹിതൻമാരുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ജറുസലേം ദേവാലയത്തിൽ ശുശ്രൂഷ ചെയ്യേണ്ട പുരോഹിതൻമാരെ നറുക്കെടുപ്പിലൂടെയാണ് തിരഞ്ഞെടുത്തിരുന്നത്. ഇത് പുരോഹിതൻമാർക്ക് വലിയ ആദായത്തിനുള്ള മാർഗ്ഗം കൂടിയായിരുന്നു. അതിനാൽ, പുരോഹിതൻമാർ വലിയ അഭിലാഷങ്ങളിൽ ഒന്നായിരുന്നു ജറുസലേം ദേവാലയത്തിൽ ബലിയർപ്പിക്കാനുള്ള അവസരം.

നറുക്ക് കിട്ടിയത് സഖറിയാക്ക് ആണ്. എന്നാൽ, ബലിയർപ്പിക്കാൻ അൾത്താരയ്ക്ക് മുമ്പിൽ നിന്നപ്പോൾ സഖറിയാക്ക് തനിക്കുണ്ടാകാൻ പോകുന്ന ഭൗതീകമായ സുസ്തിതിയെക്കുറിച്ചല്ലായിന്നു ചിന്ത. മറിച്ച്, ആ കുടുംബത്തിന് ഒറ്റ പ്രാർത്ഥന മാത്രം; തങ്ങൾക്ക് കർത്താവ് ഇടപെട്ട് ഒരു കുഞ്ഞിനെ തരണം. അവന്റെ കണ്ണുനീരോടുള്ള പ്രാർത്ഥന ഇത് മാത്രമായിരിക്കണം. കാരണം, ദാമ്പത്യത്തിലെ വലിയ കണ്ണുനീരാണ് മക്കളില്ലായ്മ.

'കാത്തിരിപ്പ് പ്രാർത്ഥനയാകുമ്പോൾ ആ പ്രാർത്ഥനകളൊന്നും തമ്പുരാൻ തമസ്കരിക്കില്ല!' കാത്തിരിപ്പ് പ്രത്യാശയുടെ പ്രവർത്തി മാർഗ്ഗമാണ്. "കാലത്തിന്റെ പൂർണ്ണത" എന്ന് നാം പറയാറുള്ളത് ഇത് തന്നെയാണ്. കാത്തിരിപ്പ് പ്രാർത്ഥനയാക്കി കർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ കർത്താവ് രക്ഷയുടെ വാതിൽ എനിക്കായ് തുറന്ന് ഉത്തരം നൽകുന്ന ദിവ്യമുഹൂർത്തം. അതാണ് കാലത്തിന്റെ പൂർണ്ണത. എങ്കിൽ, ആ കാലത്തിന്റെ പൂർണത സഖറിയായുടെ ജീവിതത്തിൽ അരങ്ങേറുന്നതിലൂടെ ദൈവജനത്തിന്റെ കാത്തിരിപ്പിന് അറുതി വരുത്തികൊണ്ട് രക്ഷകന് മുമ്പേ നടക്കാനുള്ളവനെ ഈ ലോകത്തിലേയ്ക്ക് അയക്കുന്നു.

കാത്തിരിപ്പ് ഒരു കൃപയാണ്. 'ബഹുജനം പലവിധം' എന്നു പറയുന്നതുപോലെ

പലവിധത്തിൽ കാത്തിരിക്കുന്നവരാണ് മനുഷ്യർ. പലപ്പോഴും ജീവിതം മുന്നോട്ട് നീങ്ങുന്നത് തന്നെ ഈ കാത്തിരിപ്പിലാണ്. ബസ് സ്റ്റാന്റിൽ, റെയിൽവേ സ്റ്റേഷനിൽ, വിമാനതാവളത്തിൽ ഇവിടെയൊക്കെ നാം കാത്തിരിക്കാറുണ്ട്. വേറെചിലർ കാത്തിരിക്കുന്നത് ഒരു പക്ഷെ ജീവിതവിജയത്തിനാകാം. അല്ലെങ്കിൽ, സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടിയാകാം. യഹൂദ ജനതയും കാത്തിരുന്നു വർഷങ്ങളോളം രക്ഷകന്റെ വരവും കാത്ത്. ഈ കാത്തിരിക്കാനുള്ള കഴിവ് നഷ്ടപ്പെടുമ്പോഴാണ് ഒരു ചാൺ കയറിൽ ജീവിതം അവസാനിപ്പിക്കുന്നത്. ദൈവവും കാത്തിരിക്കുന്നവനാണ്. അനുദിനം വിത്തിന് വെള്ളവും വളവും നൽകി അവനും കാത്തിരിക്കുകയാണ് നല്ല ഫലം കായ്ക്കുന്ന വൃക്ഷങ്ങൾക്കായ്.

എങ്കിൽ, സഖറിയ ഏലിശ്വാ ദമ്പതികളുടെ കാത്തിരിപ്പിന് കാലത്തിന്റെ പൂർണ്ണത വരുത്തുകയാണ് സ്നപകയോഹന്നാനിലൂടെ കർത്താവ്. നീണ്ട കാത്തിരിപ്പിനും പ്രാർത്ഥനയ്ക്കും ഉത്തരം നൽകുമ്പോൾ സഖറിയ കർത്താവിനെ സംശയിക്കുകയാണ്. "ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്. എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്" (ലൂക്കാ 1,17). പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കേണ്ടവനാണ്. "പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം" (മലാക്കി 7,7). സഖറിയായുടെ ചോദ്യം നീതിക്ക് നിരക്കാത്തതാണ്. അധരത്തിൽ ജ്ഞാനം സൂക്ഷിക്കേണ്ട വൃദ്ധപുരോഹിതനായ സഖറിയ അബ്രാഹത്തിന്റെ ചരിത്രത്തെ കുറിച്ച് അറിവുണ്ടാകേണ്ടവനായിരുന്നു.

ദൈവം അബ്രാഹത്തിന് ഇസഹാക്കിനെ വാഗ്ദാനം ചെയ്യുമ്പോൾ അബ്രാഹം ചോദിക്കുന്നുണ്ട്, "നൂറ് വയസ് തികഞ്ഞവന് കുഞ്ഞു ജനിക്കുമോ? തൊണ്ണൂറെത്തിയ സാറ ഇനി പ്രസവിക്കുമോ?" (ഉത്പ 17,17). അതിന് കർത്താവ് പറയുന്ന മറുപടി ഇപ്രകാരമാണ്, "നിന്റെ ഭാര്യ സാറ തന്നെ നിനക്കൊരു പുത്രനെ തരും. അവനിൽ നിന്ന് ഞാനൊരു വലിയ ജനതയെ പുറപ്പെടുവിക്കും" (ഉൽപ്പ 17,19- 20). ഇത് വൃദ്ധപുരോഹിതനായ സഖറിയ തീർച്ചയായും അറിഞ്ഞിരിക്കേണ്ട ഒന്നായിരുന്നു. അതിനാൽ, ദൈവത്തിന്റെ വാഗ്ദാനത്തെ അവിശ്വസിച്ച സഖറിയാക്ക് ദൈവം നൽകുന്ന അടയാളമാണ് പിന്നീട്, "യഥാക്കാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചത് നിമിത്തം നീ മൂകനായിരിക്കും. ഇവ സംഭവിക്കുന്നത് വരെ നിനക്ക് സംസാരിക്കാൻ സാധിക്കുകയില്ല" (ലൂക്കാ 1,20). ഇത് ന്യായവും യുക്തവുമാണ്. കാരണം, അൾത്താരയ്ക്ക് മുമ്പിൽ കൂപ്പിയ കരങ്ങളോടെ സഖറിയ പ്രാർത്ഥിച്ചത് വിശ്വാസമില്ലാതെയാണ്. സഖറിയാക്ക് വിശ്വാസമുണ്ടായിരുന്നെങ്കിൽ ദൈവം കുഞ്ഞിനെ സമ്മാനിച്ചപ്പോൾ സഖറിയ മറുചോദ്യം, "ഇതെങ്ങനെ സംഭവിക്കും?," ചോദിക്കുകയില്ലായിരുന്നു.

അവിശ്വാസിയായ് അൾത്താരയ്ക്ക് മുമ്പിൽ നിൽക്കുന്നവർക്കുള്ള ശിക്ഷ വരികൾക്കിടയിലൂടെ നമുക്ക് വായിച്ചെടുക്കാനാകും. അവിശ്വാസിയായ പുരോഹിതന് എങ്ങനെ ജനത്തെ പഠിപ്പിക്കാനാകും? അതിനാൽ, ദൈവം അവനെ വിശ്വാസത്തിലേയ്ക്ക് നയിക്കാൻ അടയാളം സമ്മാനിക്കുന്നു. "യഥാക്കാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചത് നിമിത്തം നീ മൂകനായിരിക്കും. ഇവ സംഭവിക്കുന്നത് വരെ നിനക്ക് സംസാരിക്കാൻ സാധിക്കുകയില്ല" (ലൂക്കാ 1,20). അടയാളങ്ങൾ ഒരിക്കലും ശിക്ഷയല്ല. അതിനാൽ, സഖറിയായുടെ 'മൂകത' ദൈവദൂതന്റെ ശിക്ഷയല്ല, മറിച്ച്, "ഇതെങ്ങനെ സംഭവിക്കും?" എന്ന സഖറിയായുടെ ചോദ്യത്തിനുള്ള അടയാളം മാത്രമാണ്.

വിശ്വാസമില്ലാത്ത പ്രാർത്ഥനയുമായ് അൾത്താരയ്ക്ക് മുമ്പിൽ നിൽക്കുന്നവർക്ക് ദൈവം ചില അടയാളങ്ങൾ സമ്മാനിക്കും. ചില മൂകതകൾ. അത് ദൈവത്തിന്റെ ഭാഗത്ത് നിന്നോ സഹോദരങ്ങളിൽ നിന്നോ അതോ പ്രിയപ്പെട്ടവരിൽ നിന്നോ ആകാം. അകത്ത

തകർന്ന
ഹൃദയവുമായ്
അൾത്താരയെ അഭയം
തേടുന്നവർ
നിരാശരാകേണ്ട
എന്ന വലിയ ചിന്തയാണ്
മംഗലവാർത്ത കാലത്തിലെ
ഏറ്റവും വലിയ ചിന്ത.
നമ്മുടെ തകർച്ചയിൽ
നാം അഭയശിലയാക്കേണ്ടത്
കർത്താവിന്റെ
അൾത്താരയെയാണ്...
ലഹരിയാക്കേണ്ടതും
കർത്താവിൻറെ
അൾത്താരയാണ്...

ളങ്ങളിൽ ദൃഢവിശ്വാസമില്ലാത്ത പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും ബലിയർപ്പണങ്ങളും ശുശ്രൂഷകളും വെറും ആംഗ്യങ്ങൾ മാത്രമാണ്. പ്രാർത്ഥനകളൊരിക്കലും ആത്മാർത്ഥത യില്ലാത്ത ആംഗ്യങ്ങളോ കാട്ടിക്കൂട്ടലുകൾ മാത്രമൊ ആകരുത്.

നാട്ടിൽ മഴയില്ല. കടുത്ത വരൾച്ചയിലാണ് ഗ്രാമം മുഴുവൻ. അവസാനം നാട്ടുകൂട്ടം തിരുമാനിച്ചു, 'വരൾച്ചയിൽ നിന്ന് ആശ്വാസം ലഭിക്കുന്നതിന് വേണ്ടി, മഴ ലഭിക്കാൻ ഗ്രാമത്തിലെ എല്ലാവരും ഒരു ദിവസം ദൈവാലയത്തിൽ ഒരുമിച്ച് കൂടി ഉപവസിച്ച് പ്രാർത്ഥിക്കട്ടെ.' പ്രാർത്ഥിക്കാനായുള്ള ദിവസം വന്നെത്തി. എല്ലാവരും പ്രാർത്ഥിക്കാനായ് ദേവാലയത്തിൽ ഒരുമിച്ച് കൂടി. പക്ഷെ, ദേവാലയത്തിൽ പ്രാർത്ഥിക്കാൻ ഒരുമിച്ച് കൂടിയവരിൽ കുടയുമായ് വന്നത് ഒരു കുട്ടിമാത്രമാണ്.

ഇത് ചൂണ്ടി കാണിച്ചപ്പോൾ ഒരദ്ധ്യാപകൻ പറഞ്ഞത്, "കുട്ടികൾ പ്രാർത്ഥിക്കുന്നത് ദൈവം കേട്ടിരുന്നെങ്കിൽ നമ്മുടെ തലയിൽ എന്നേ ഇടി തീ വീഴുമായിരുന്നു!"

പ്രാർത്ഥനകൾ പലപ്പോഴും നമുക്ക് കാട്ടികൂട്ടലുകളാണ്. വിശ്വാസം നഷ്ടപ്പെട്ട പ്രാർത്ഥനകൾ ജീവൻ നഷ്ടപ്പെട്ട പ്രർത്ഥനകളാണ്.

"ഇത് ഞാൻ എങ്ങനെ അറിയും?" ദൈവത്തിന്റെ വചനം അവിശ്വസിക്കുന്ന വൃദ്ധപുരോഹിതനായ സഖറിയ. കർത്താവ് അവനെ മൂകനാക്കുന്നു. കാരണം, "വിശ്വാസമില്ലാത്തവൻ സംസാരിക്കരുത്"

സഖറിയ - ഏലിശ്വാ ദമ്പതികളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന വലിയ കാര്യം, "പ്രാർത്ഥനാ നിർഭരമായ കുടുംബങ്ങളിൽ നിന്ന് മാത്രമാണ് ദൈവനിയോഗമുള്ള കുഞ്ഞുങ്ങൾ ജനിക്കുകയൊള്ളു" എന്ന വലിയ സത്യമാണ്. ഇസ്രായേൽ സമൂഹത്തിലെ ഏറ്റവും ശക്തനായ പ്രവാചകൻമാരിൽ ഒരുവനാണ് ഏലിയ. അതേ പ്രവാചകന്റെ ശക്തിയോടും വീര്യത്തോടും കൂടെയാണ് സഖറിയ- ഏലിശ്വാ ദമ്പതികൾക്ക് ഒരു കുഞ്ഞിനെ കർത്താവ് സമ്മാനിക്കുന്നത്. ആ മകന്റെ ജനനത്തിൽ ആനേകർ ആഹ്ലാദിക്കുന്നു. അവന് ദുശീലങ്ങൾ ഇല്ല. കാരണം, വീഞ്ഞോ മറ്റ് ലഹരി പദാർത്ഥങ്ങളോ അവൻ രുചിക്കില്ല. ഉദരത്തിൽ വച്ച് തന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവൻ. ഇതുപോലെയുള്ള ഒരു മകനെ ലഭിക്കാൻ പുണ്യം ചെയണം. ഇത്തരണത്തിലുള്ള ഒരു മകനെയാണ് സഖറിയ - ഏലിശ്വാ ദമ്പതികൾക്ക് കർത്താവ് വാഗ്ദാനം ചെയ്യുന്നത്. ഇത് കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടെയും ഫലമാണ്.

സഹനങ്ങളിൽ കർത്താവിനെ കൈവിടാതെ കർത്താവിന്റെ വരവിനായ് കാത്തിരുന്ന ജോബിന് കർത്താവ് അവന്റെ മഹത്വത്തിൽ ഉണ്ടായിരുന്ന ഐശ്വര്യത്തിന്റെ ഇരട്ടി നൽകുന്നു. പൂർവ്വപിതാവായ ജോസഫ് വീട്ടുക്കാരുടെയും നാട്ടുക്കാരുടെ എതിർപ്പിനും അവഹേളനത്തിനും ശത്രുതയ്ക്കും കാരണമായി സഹനത്തിന് വിധിക്കപ്പെട്ടിട്ടും കർത്താവിനെ കൈവിടാതെ കർത്താവിന്റെ വരവിനായ് കാത്തിരുന്നപ്പോൾ കർത്താവ് അവനെ വലിയ കാര്യങ്ങൾക്ക് വേണ്ടി തിരഞ്ഞെടുക്കുന്നു.

ദൈവം ഇടപ്പെടുന്ന കുടുംബത്തിന്റെ പ്രത്യേകതകൾ രണ്ട്;

1. ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠർ
2. കർത്താവിന്റെ പ്രമാണങ്ങളും കല്പനകളും കുറ്റമറ്റവിധം അനുസരിക്കുന്നവർ.

ഇപ്രകാരം ജീവിച്ചുരുന്ന കുടുബത്തിന് ദൈവം സമ്മാനിച്ചതോ കണ്ണുനീരും. എന്നിട്ടും, അവർ കർത്താവിനെ ഉപേക്ഷിച്ചില്ല. അതിനുള്ള സമ്മാനമാണ് പുണ്ണ്യം ചെയ്തവർക്ക് മാത്രം ലഭിക്കുന്ന മകൻ - സ്നപകയോഹന്നാൻ.